# കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ബോട്ട് സ്രാങ്ക് ഗ്രേഡ് II / ബോട്ട് ഡ്രൈവർ ഗ്രേഡ് II ആയി ജോലി നോക്കുന്ന ശ്രീ. അഭിലാഷ്. സി. എസ്സും മുതൽ പേർ സമർപ്പിച്ച TA.6805/12 (WP(C) 232946/08) യിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (പേ റിവിഷൻ സെൽ - ബി) വകുപ്പ്

സ.ഉ. (സാധാ) നം. 7641/2018/ധന                    തീയതി, തിരുവനന്തപുരം 12/09/2018.

---

പരാമർശം:-
1. റ്റി.എ 6805/2012 (WP(C) OP No. 232946/2008 ആയി ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച കേസിലെ 2017 സെപ്റ്റംബർ 26-ാം തീയതിയിലെ ഉത്തരവ്
2. ശ്രീ. അഭിലാഷ്. സി.എസ്സും മറ്റ് കക്ഷികളും 2017 ഒക്ടോബർ 21 ന് ബഹു. അഡീഷണൽ ചീഫ് സെക്രട്ടറി സമക്ഷം സമർപ്പിച്ച നിവേദനം
3. 16/12/2017 ൽ ധനകാര്യ (പി. ആർ.സി-ബി) അഡീഷണൽ സെക്രട്ടറിയുടെ ചേമ്പറിൽ കക്ഷികളെ നേരിൽ കേൾക്കുന്നതിന് വിളിച്ച് ചേർത്ത യോഗ നടപടി.
4. 07/06/2018 ലെ E.2062284/K2/17/Home നമ്പരായുള്ള അനൗദ്യോഗിക കുറിപ്പ്.

## ഉത്തരവ്

എട്ടാം ശമ്പള പരിഷ്കരണ ഉത്തരവിൽ പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ ഗ്രേഡ് II തസ്തികയ്ക്ക് 5930-9590 ശമ്പള സ്കെയിലും ബോട്ട് ഡ്രൈവർ ഗ്രേഡ് II, സ്രാങ്ക് ഗ്രേഡ് II എന്നീ തസ്തികകൾക്ക് 4990-7990 ശമ്പള സ്കെയിലും അനുവദിച്ച് നൽകിയത് എട്ടാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ ഉന്നതതലത്തിൽ പരിശോധിച്ച് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണെന്നും ടി തസ്തികകളുടെ ജോലി സ്വഭാവം പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ ജോലി സ്വഭാവത്തിൽ നിന്നും വ്യത്യസ്തമാണെന്നും സർക്കാർ നേരത്തേ നിലപാട് എടുത്തിരുന്നു. (റിട്ട് പെറ്റീഷൻ നം.

37581/2007). ഇക്കാരണത്താൽ ടി തസ്തികകളുടെ ശമ്പള സ്കെയിൽ പോലീസ് ഡ്രൈവർമാരുടെ ശമ്പള സ്കെയിലിനു തുല്യമായി ഉയർത്താനുള്ള നിർദ്ദേശം സർക്കാർ നിരാകരിച്ചിരുന്നു.

2. പോലീസ് വകുപ്പിൽ ബോട്ട് സ്രാങ്ക് ഗ്രേഡ് II/ ബോട്ട് ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. അഭിലാഷ്. സി. എസ്സ് മുതൽ പേർ ടി തസ്തികകൾക്ക് എട്ടാം ശമ്പള പരിഷ്കരണത്തിന് മുമ്പ് വരെ പോലീസ് ഡ്രൈവർ തസ്തികയുമായി നിലനിന്നിരുന്ന ശമ്പള തുല്യത പുനഃസ്ഥാപിച്ച് കിട്ടുന്നതിനായി സമർപ്പിച്ച TA. 6805/2012 (WP(C) No. 232946/2008 -ൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (1) ലെ വിധിന്യായ പ്രകാരം കക്ഷികൾ സർക്കാരിലേക്ക് നിവേദനം സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം കക്ഷികളെ നേരിൽ കേൾക്കുകയും ചെയ്തു. ടി യോഗ തീരുമാന പ്രകാരം കക്ഷികൾ സമർപ്പിച്ച നിവേദനം ആഭ്യന്തര വകുപ്പിലേക്ക് റിപ്പോർട്ടിനായി അയയ്ക്കുകയും, തുടർന്ന് പരാമർശം (4) പ്രകാരം ടി വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിൽ പോലീസ് വകുപ്പിലെ പോലീസ് ഡ്രൈവർമാർക്കും ബോട്ട് ഡ്രൈവർ ഗ്രേഡ് II / സ്രാങ്ക് ഗ്രേഡ് II കൾക്കും എട്ടാം ശമ്പള പരിഷ്കരണം വരെ ഒരേ ശമ്പള സ്കെയിലാണ് നിലവിലിരുന്നതെന്നും 2004 ശമ്പള പരിഷ്കരണം മുതൽ ബോട്ട് ഡ്രൈവർ ഗ്രേഡ് II / സ്രാങ്ക് ഗ്രേഡ് II തസ്തികയുടെ ശമ്പള സ്കെയിൽ പോലീസ് ഡ്രൈവർമാരുടെ സ്കെയിലിനേക്കാൾ കുറഞ്ഞ സ്കെയിലാണ് നിശ്ചയിച്ചിട്ടുള്ളതെന്നും കൂടാതെ കേരള വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിലെ ഡ്രൈവർമാർക്കും മറ്റ് ഡിപ്പാർട്ട്മെന്റിലെ ഡ്രൈവർമാർക്കും പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ഒരേ ശമ്പള സ്കെയിലല്ല നൽകുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതായത് ഒരേ/വിവിധ വകുപ്പിൽ വ്യത്യസ്ത ജോലി ചെയ്യുന്ന ഡ്രൈവർമാർക്ക് ശമ്പള സ്കെയിൽ തുല്യതപ്പെടുത്തേണ്ടതില്ല എന്ന് ഭരണ വകുപ്പും ശമ്പള പരിഷ്കരണ കമ്മീഷനും ശിപാർശ ചെയ്തിട്ടുണ്ട്.

ഇക്കാര്യത്തിൽ സർക്കാരിന്റെ മുൻ നിലപാടിന്റെ അടിസ്ഥാനത്തിലും മേൽ പറഞ്ഞകാരണത്താലും പരാതിക്കാരുടെ ആവശ്യം നിരാകരിച്ചുകൊണ്ട് പരാമർശം (1) വിധിന്യായം നടപ്പിലാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

അനില. എൽ
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം / തിരുവനന്തപുരം
ശ്രീ. അഭിലാഷ്. സി.എസ്, PCA 5278, ബോട്ട് സ്രാങ്ക് ഗ്രേഡ് I, എ. ആർ. ക്യാമ്പ്, ആലപ്പുഴ
ശ്രീ. ഷാജിമോൻ. പി.കെ, PCA 5279, ബോട്ട് സ്രാങ്ക് ഗ്രേഡ് I, എ. ആർ. ക്യാമ്പ്, ആലപ്പുഴ
ശ്രീ. പ്രമോദ് കുമാർ. കെ.പി, PCA 5280, ബോട്ട് സ്രാങ്ക് ഗ്രേഡ് I, എ. ആർ. ക്യാമ്പ്, ആലപ്പുഴ
ശ്രീ. സുധീർ. സി, PCA 5291, ബോട്ട് ഡ്രൈവർ ഗ്രേഡ് I, എ. ആർ. ക്യാമ്പ്, ആലപ്പുഴ
ശ്രീ. ഷിബു. എസ്, PCA 5292, ബോട്ട് ഡ്രൈവർ ഗ്രേഡ് I, എ. ആർ. ക്യാമ്പ്, ആലപ്പുഴ
ആഭ്യന്തര (കെ) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ